കേരള കലാമണ്ഡലത്തിൽ പുതിയ കോഴ്സ്

38 [2901] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലത്തിൽ ഏതെങ്കിലും പുതിയ കോഴ്സ് ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകൾ;

(ബി) നിലവിലുള്ള കോഴ്സുകളുടെ സിലബസ്സുകൾ പരിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ടോ; ഏത് വിധമുള്ള പരിഷ്കാരമാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിഷ്കരിച്ചു കഴിഞ്ഞു. അംഗീകാരം ഇല്ലാതെ 2000-ൽ ആരംഭിച്ച ബിരുദ കോഴ്സിന് 2003 അവസാനത്തിൽ കാലടി സംസ്കൃത സർവകലാശാലയുടെ അഫിലിയേഷൻ ലഭിക്കുകയും തുടർന്ന് 2004-2005 വർഷം മുതൽ കലാശാലാ രീതിയിൽ സെമസ്റ്റർ സിസ്റ്റത്തോടുകൂടി സിലബസ്സ് പരിഷ്കരിക്കുകയും അത് 3-7-2004-ൽ സർവകലാശാലയുടെ അക്കാദമിക് കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി

39 [2902] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ സാമ്പത്തിക സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ 9 വർഷത്തിനിടയിൽ പ്രസ്തുത മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദീകരിക്കുമോ;

(ബി) സർക്കാരിന്റെ എല്ലാ പ്രസിദ്ധീകരണങ്ങളും ബുക്ക് മാർക്കിലൂടെ വിൽപ്പന നടത്താൻ ശ്രമിക്കുമോ;

(സി) പുസ്തക വിൽപ്പനയിൽ പ്രഖ്യാപിക്കുന്ന റിബേറ്റ് പലപ്പോഴും സ്വകാര്യ വിതരണക്കാർക്ക് മാത്രമാണ് ലഭിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ പ്രസ്സിൽ അച്ചടിക്കുന്ന സാധനങ്ങളുടെ വിതരണം ബുക്ക് മാർക്കിനെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വായനശാലയ്ക്കുവേണ്ടി ബുക്ക് മാർക്കിൽ നിന്നും പുസ്തകം വാങ്ങണമെന്ന സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly